**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കണ്ണൂർ ജില്ല – ആന്തൂർ നഗരസഭ - കമ്മ്യൂണിറ്റി ഡിസബിലിറ്റി മാനേജ്മെന്റ് & റീഹാബിലിറ്റേഷൻ പ്രോജക്ട് (CDMRP) ജില്ലാതല ഉദ്ഘാടനം - സംഘാടന ചെലവ് - തനത് ഫണ്ടിൽ നിന്നും തുക ചെലവഴിക്കുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (എഫ്.എം.) വകുപ്പ്**

സ.ഉ.(സാധാ) നം. 853/2018/തസ്വഭവ തിരുവനന്തപുരം, തീയതി, 27/03/2018

---

പരാമർശം:- ആന്തൂർ നഗരസഭാ സെക്രട്ടറിയുടെ 06/03/2018 ലെ G3-8151/18 നമ്പർ കത്ത്.

**ഉത്തരവ്**

ഭിന്നശേഷിയുള്ളവരുടെ സമഗ്ര ഉന്നമനത്തിനായി സാമൂഹ്യനീതി വകുപ്പും കാലിക്കറ്റ് യൂണിവേഴ്സിറ്റി മനശാസ്ത്ര വിഭാഗവും സംയുക്തമായി നടപ്പിലാക്കുന്ന കമ്മ്യൂണിറ്റി ഡിസബിലിറ്റി മാനേജ്മെന്റ് & റീഹാബിലിറ്റേഷൻ പ്രോജക്ടിന്റെ (CDMRP) കണ്ണൂർ ജില്ലാതല ഉദ്ഘാടനം 24/12/2017 ന് നിർവ്വഹിക്കപ്പെട്ടു എന്നും ടി ഉദ്ഘാടന പരിപാടിക്ക് 35,000/- രൂപ ചെലവ് വന്നിട്ടുണ്ടെന്നും ആയതു തനതു ഫണ്ടിൽ നിന്ന് അനുവദിക്കുന്നതിനുള്ള അനുമതി നൽകണമെന്നും പരാമർശ കത്ത് പ്രകാരം ആന്തൂർ നഗരസഭാ സെക്രട്ടറി അഭ്യർത്ഥിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഭിന്നശേഷിയുള്ളവരുടെ സമഗ്ര ഉന്നമനത്തിനായി സാമൂഹ്യനീതി വകുപ്പും കാലിക്കറ്റ് യൂണിവേഴ്സിറ്റി മനശാസ്ത്ര വിഭാഗവും സംയുക്തമായി നടപ്പിലാക്കുന്ന കമ്മ്യൂണിറ്റി ഡിസബിലിറ്റി മാനേജ്മെന്റ് & റീഹാബിലിറ്റേഷൻ പ്രോജക്ടിന്റെ (CDMRP) ജില്ലാതല ഉദ്ഘാടനത്തിന്റെ സംഘാടനത്തിനായി ചെലവായ 35,000/- (മുപ്പത്തി അയ്യായിരം രൂപ) രൂപ കണ്ണൂർ ജില്ലയിലെ ആന്തൂർ നഗരസഭയുടെ തനത് ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിനുള്ള യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)

**സിനി ജെ ഷുക്കൂർ,**

**ഡെപ്യൂട്ടി സെക്രട്ടറി.**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

മുനിസിപ്പൽ സെക്രട്ടറി, ആന്തൂർ നഗരസഭ, കണ്ണൂർ യൂണിവേഴ്സിറ്റി. പി.ഒ, കണ്ണൂർ

ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ